പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3078.

28.01.2014 ൽ മറുപടിക്ക്

**കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയൽ**

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :

കരിഞ്ചന്ത, പുഴ്ത്തിവയ്പ് എന്നിവ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; ഇതുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് എടുത്തിട്ടുള്ളത് എന്ന് ഓരോ കേസിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഓരോ കേസിലും ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

കരിഞ്ചന്തയും, പുഴ്ത്തിവയ്പ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ വസ്തുക്കളുടെ വില വർദ്ധിപ്പിക്കാൻ ഇടയാക്കുന്ന സാഹചര്യങ്ങളെ മുൻ കൂട്ടികണ്ട് അതിനെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിത മാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഓഫീസർമാർ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തി സ്റ്റോക്ക്പരിധി നിശ്ചയിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തികവർഷം നാളിതുവരെ 114 കേസുകൾ എടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**